**D3BML2201(A1)** **(2 Pages)** **Reg. No:......................**

**Name: .........................**

**THIRD SEMESTER BA/B.Sc. DEGREE EXAMINATION NOVEMBER 2023**

**(Regular/Improvement/Supplementary)**

**COMMON COURSE IN MALAYALAM**

**GMAL3A07T: മലയാള സാഹിത്യം 3**

**Time: 2 ½ Hours.** **Maximum Marks: 80**

**ഭാഗം I: 1 മുതൽ 15 വരെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.**

**ഓരോന്നിനും 2 മാർക്ക് വീതം. പരമാവധി മാർക്ക് 25.**

1. "അസംബന്ധ നാടകവേദി" എന്നാലെന്ത് ?
2. "പാട്ടബാക്കി" നാടകത്തെക്കുറിച്ച് ചെറു വിവരണം എഴുതുക.
3. "അർജ്ജുനശരമല്ലിത്. പ്രതിസംഹാരമന്ത്രം എനിക്കറിഞ്ഞുകൂടാ"- സന്ദർഭമെഴുതുക.
4. പാശ്ചാത്യ നാടകവേദിയുടെ അടിസ്ഥാനഘടകങ്ങളേവ ?
5. "പെരുന്തച്ചനും ഐതീഹ്യവും" - കുറിപ്പെഴുതുക.
6. ബിംബങ്ങൾ നിർമ്മിക്കാനുള്ള കല്ലിന്റെ പ്രത്യേകതകളായി പെരുന്തച്ചൻ പറയുന്നതെന്ത് ?
7. ലോകത്തിലെ ആദ്യത്തെ ചലിക്കുന്ന ചിത്രത്തിലെ തെളിഞ്ഞ ദൃശ്യങ്ങൾ എന്തെല്ലാം ?
8. ആത്മകഥയും ജീവചരിത്രവും - വ്യത്യാസമെന്ത് ?
9. അമ്മ വാരസ്യാർ ദൗഹിത്രികയേയും കൂട്ടി വി.ടി. യെ കാണാൻ വന്നത് എന്തിനായിരുന്നു?
10. പാലൂട്ടി പോറ്റിയവർക്ക് കണ്ണീർ പകരം കൊടുത്ത പഹയൻ ആര് ? ആര് ആരെക്കുറിച്ചാണ് ഇങ്ങനെ പറഞ്ഞത് ?
11. "സാറിനതൊരു ചെറിയ സുഖമല്ലേ"- സന്ദർഭമെഴുതുക.
12. പ്രൊഫസർ ഈച്ചര വാര്യരുടെ ആത്മകഥയെ പരിചയപ്പെടുത്തുക.
13. സഞ്ചാരസാഹിത്യം.- ലഘുവിവരണം നൽകുക.
14. ഗൗരീകുണ്ഡ് എന്തായിരുന്നു?
15. "അതാ, ഹിമാലയത്തിനുള്ളിലേക്കുള്ള വാതിൽ"- ഇങ്ങനെ പറഞ്ഞതെപ്പോഴാണ് ?

(തുടർച്ച ... 2)

**ഭാഗം II: 16 മുതൽ 23 വരെയുള്ള ചോദ്യങ്ങൾക്ക് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. ഓരോന്നിനും 5 മാർക്ക് വീതം. പരമാവധി മാർക്ക് 35.**

16. ''ഭരതവാക്യം'' നാടകത്തിലെ രംഗസംവിധാനത്തെപ്പറ്റി വിശദമാക്കുക.
17. അനുഷ്ഠാനത്തിന്റെ ദേവാസുരഭാവങ്ങൾ അരങ്ങിനിണങ്ങുംവണ്ണം സാഹിത്യബിംബങ്ങളിൽ സന്നിവേശിപ്പിച്ചിരുന്നു എൻ. പ്രഭാകരൻ - സമർത്ഥിക്കുക.
18. ''തമ്പുരാട്ടീ! സ്വന്തം കണക്കെ പിഴച്ചൊള്ളു പെരുന്തച്ചന് ഇന്നോളം''. ഇങ്ങനെ പറയാനുണ്ടായ സന്ദർഭമെഴുതി വിശദീകരിക്കുക.
19. കലയുടെ നിർവചനങ്ങളുടെ പൊതുസ്വഭാവത്തിലെ മൂന്ന് ഘട്ടങ്ങളെ അടൂർ വേർതിരിച്ചെടുക്കുന്നുണ്ട്. ഇവ എഴുതി വിശദീകരിക്കുക.
20. ''അവിചാരിതമായി നേരിട്ട ഈ ദുര്യോഗം എന്നെ ഇരുത്തി ചിന്തിപ്പിച്ചു''. സന്ദർഭം എഴുതി വിശദമാക്കുക.
21. പ്രണയം പ്രകടനപരമായതിന്റെ അനുഭവം റോസി തോമസ് വിവരിക്കുന്നതെങ്ങനെ ?
22. ഈച്ചര വാര്യർ കെ. കരുണാകരനെ കണ്ട സന്ദർഭം വിവരിക്കുക.
23. ഗോവിന്ദ സ്വാമിയുടെ ബാല്യത്തെയും, സന്യാസത്തെയും കുറിച്ച് വിവരിക്കുക.

**ഭാഗം III: 24 മുതൽ 27 വരെയുള്ള ഏതെങ്കിലും രണ്ട് ചോദ്യങ്ങൾ മൂന്ന് പുറത്തിൽ കവിയാതെ ഉപന്യസിക്കുക. ഒരോന്നിനും 10 മാർക്ക് വീതം.**

24. അപപാരമായ അഭിനയസാധ്യതകൾക്കും ധ്വന്യാത്മമായ രംഗവിന്യാസത്തിനും അവസരങ്ങളുള്ള നാടകമാണ് ''ഭരതവാക്യം''- സമർത്ഥിക്കുക.
25. പ്രാദേശികമായ ഒരു മിത്തിന് ദൃശ്യരൂപം നല്കിയപ്പോൾ എം.ടി. വരുത്തിയ മാറ്റങ്ങൾ എന്തെല്ലാമായിരുന്നു ?
26. കേരളത്തിന്റെ പ്രകൃതിയും ആചാരാനുഷ്ഠാനങ്ങളും വിശ്വാസങ്ങളും കാലവുമൊക്കെ പി.യുടെ ആത്മകഥയിൽ ഇഴുകിചേർന്നിരിക്കുന്നു.- സമർത്ഥിക്കുക.
27. യാത്രാവിവരണം വായിക്കുമ്പോൾ വായനക്കാരനും, താൻ ആ ദേശത്തിലൂടെ സഞ്ചരിക്കുന്നതായി അനുഭവപ്പെടും. ''ഹിമവാന്റെ മുകൾത്തട്ടിൽ'' എന്ന കൃതിയെ മുൻനിർത്തി സമർത്ഥിക്കുക.

**(2 x 10 = 20 മാർക്ക്)**